സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം,

നം: സി.ബി(4)24808/2014 തീയതി : 30-5-2014

*E-mail:keralarcs@coop.kerala.gov.in*
*Website:www.cooperation.kerala.gov.in*

# സർക്കുലർ നമ്പർ : 22/2014

വിഷയം:- സഹകരണ വകുപ്പ് - ഇടപാടുകാർക്ക് സഹായകരമായ വിധത്തിൽ ബാങ്കുകളുടെ/സംഘങ്ങളുടെ പ്രവൃത്തി സമയം ദീർഘിപ്പിക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ 43/2005.
2. 21-5-2014-ന് സഹകരണ ബാങ്ക്/സംഘം പ്രതിനിധികളുമായി നടന്ന ചർച്ചയിലെ തീരുമാനങ്ങൾ.
3. 22-5-2014-ന് ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രത്യേക യോഗ തീരുമാനങ്ങൾ.

********

സംസ്ഥാനത്തെ വായ്പാ മേഖലയിൽ സഹകരണ മേഖലയും, ദേശസാൽകൃത ബാങ്കുകളും ഉൾപ്പെട്ട ബാങ്കിംഗ് രംഗം വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും, കൊള്ളപ്പലിശക്കാരുടെ കടന്നുകയറ്റത്തെ പൂർണ്ണമായി ഒഴിവാക്കുന്നതിന് കഴിയാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സൂചന(2)(3) പ്രകാരം ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം, അംഗങ്ങൾക്കും, ഇടപാടുകാരായ മറ്റു പൊതുജനങ്ങൾക്കും വളരെ വേഗത്തിൽ വായ്പ ലഭിക്കുന്നതിനും, ഇടപാടുകൾ നടത്തുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ സഹകരണസംഘം/ബാങ്കുകളിലെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ വൈകുന്നേരം 8 മണിവരെ 12 മണിക്കൂറായി ദീർഘിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്കും അംഗങ്ങൾക്കും പ്രയോജനമാണെന്ന് വിലയിരുത്തി/ആവശ്യമായ പഠനം നടത്തി/ബോദ്ധ്യപ്പെടുന്ന സ്ഥലങ്ങളിലെ ബാങ്കുകളുടെ ആസ്ഥാനം/ശാഖകൾ എന്നിവയുടെ പ്രവൃത്തി സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ വർദ്ധിപ്പിക്കാവുന്നതാണ്. ഇപ്രകാരം സമയം വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചാൽ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ പരിശോധിച്ച് എത്രയും വേഗം അനുവാദം നൽകേണ്ടതാണ്.

ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽപ്പെടുന്ന സ്ഥാപനങ്ങളുടെ അപേക്ഷകൾ റിസർവ്വ് ബാങ്കിന്റെ അനുമതി/നിർദ്ദേശങ്ങൾ എന്നിവയ്ക്കു വിധേ

യമായി നിബന്ധനകൾ പാലിക്കുന്നു എന്ന് ഉറപ്പു വരുത്തി സഹകരണസംഘം രജിസ്ട്രാർക്ക് അനുവാദത്തിനായി സമർപ്പിക്കേണ്ടതാണ്.

12 മണിക്കൂറായി പ്രവർത്തന സമയം ദീർഘിപ്പിക്കുന്ന സംഘങ്ങളിൽ ജീവനക്കാരുടെ വിന്യാസം, രജിസ്റ്ററുകൾ സൂക്ഷിക്കുന്നത്, സ്വർണ്ണം/ക്യാഷ് എന്നിവ ഉൾപ്പെടെയുള്ള മുതലുകൾ കൈകാര്യം ചെയ്യുന്നതിനും, ചുമതലകൾ കൈമാറുന്നത് സംബന്ധിച്ചും, പ്രായോഗിക വ്യവസ്ഥകൾ സംഘം ഭരണസമിതി തയ്യാറാക്കി പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

ഒപ്പ്/-
എസ്.ലളിതാംബിക ഐ.എ.എസ്,
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്,
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
4. ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ/ജോയിന്റ് ഡയറക്ടർമാർ(ആഡിറ്റ്)
5. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ
6. എല്ലാ പ്രാഥമിക സഹകരണ വായ്പാ സംഘങ്ങൾക്കും (ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
7. എല്ലാ പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്കും
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
9. എഡിറ്റർ, സഹകരണ വീഥി
10. എഡിറ്റർ, സഹകരണ ജേർണൽ
11. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
12. വെബ്സൈറ്റ്
13. സി.ജി(1)22095/14 ഫയലിലേയ്ക്ക്
14. സ്റ്റോക്ക് ഫയൽ